**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1440

13.06.2014 ലെ
മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ എം. എസ്.ഡി. പി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ നടപ്പാക്കുന്ന എം. എസ്. ഡി. പിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) | വയനാട് ജില്ലയിലെ എം.എസ്.ഡി.പി. പദ്ധതിയുടെ നടത്തിപ്പിനായി 11-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ആകെ 1869.805 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 10 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം, 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം, 3 കുടിവെള്ള വിതരണ പദ്ധതികളുടെ നിർമ്മാണം, മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ ലബോറട്ടറി നിർമ്മാണം, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയുടെ 2, 3, 4 നിലകളുടെ നിർമ്മാണം, ജില്ലാ ആസ്ഥാനത്ത് ഐ.റ്റി. ഇനേബിൾഡ് സെൽ സ്ഥാപിക്കൽ, എന്നിവയ്ക്കായിട്ടാണ് ഈ തുക ലഭിച്ചിട്ടുള്ളത്. ഇവയിൽ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം, അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം, 2 കുടിവെള്ള പദ്ധതികളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഒരു കുടിവെള്ള പദ്ധതിയുടെയും പോളി ടെക്നിക് ലാബിന്റെയും പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. 12-ാം പഞ്ചവത്സര പദ്ധതിയിൽ വയനാട് ജില്ലയിലേയ്ക്കായി 2430.01 ലക്ഷം രൂപയുടെ പദ്ധതിയ്ക്കായി 1815.02 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിക്കും. ഇതിൽ ഒന്നാം ഗഡുവായി 907.25 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ജില്ലയിലെ 4 ബ്ലോക്കുകൾ ആയ സുൽത്താൻബത്തേരി, മാനന്തവാടി, കൽപറ്റ, പനമരം എന്നീ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ജില്ലയിലെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | വിദ്യാഭ്യാസ മേഖലയിൽ 157 അഡീഷണൽ ക്ലാസ്സ് മുറികളും ആരോഗ്യമേഖലയിൽ 19 അധിക കെട്ടിടങ്ങളും നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. |
| (സി) | ഇവയിൽ ഏതെല്ലാം പദ്ധതി കൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നതിന്റെ ബ്ലോക്കുതല വിശദാംശം ലഭ്യമാക്കുമോ? | (സി) | ജില്ലയിലെ 4 ബ്ലോക്കുകളായ കൽപ്പറ്റ, പനമരം, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ ബ്ലോക്കുകളിൽ വിദ്യാഭ്യാസ മേഖലയിൽ യഥാക്രമം 45, 25, 27, 60 അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചു. കൂടാതെ ടി ബ്ലോക്കുകളിൽ ആരോഗ്യമേഖലയിൽ യഥാക്രമം 5, 2, 9, 3 അഡിഷണൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനും അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ